ശ്രീ. എം. എം. സുന്ദരം : 100 ക. വരെ ശമ്പളമുള്ള എൻ. മി. ഓ. മാക്ക് ഭവനനിർമ്മാണപദ്ധതി അനുസരിച്ചു ലോൺ കൊടുക്കുമെന്നുണ്ടായിരുന്നതു് മാറ്റി, 150 ക. വരെ ശമ്പളമുള്ളവർക്കേ കൊടുക്കുകയുള്ളു എന്നു തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതിനു പ്രത്യേകം ചോദിക്കണം.

ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറു്

* 715. [19] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറു് ഇന്നു് ഒരു ടെമ്പററി ഡിപ്പാർട്ടുമെൻറായിട്ടാണോ നിലനിൽക്കുന്നതു് ;

(ബി) ആണെങ്കിൽ എന്തുകൊണ്ടാണു് ഇപ്രകാരം നിലനിറുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) ഈ ഡിപ്പാർട്ടുമെൻറിനെ ഒരു സ്ഥിരം (Permanent) ഡിപ്പാർട്ടുമെൻറാക്കി മാറ്റി അതിലെ സ്ഥിരപ്പെടേണ്ട ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്താൻ നടപടിയെടുക്കുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) അതേ.

(ബി, സി) നിലവിലുള്ള ഹരിജൻ വെൽഫെയർ വകുപ്പു് ഒരു സ്ഥിരം ഡിപ്പാർട്ടുമെൻറായി മാറ്റാൻ നിവൃത്തിയില്ല. ആ വകുപ്പിൽ ജോലി ചെയ്യുന്നവർക്കു മറ്റു ഡിപ്പാർട്ടുമെൻറുകളിൽ സ്ഥിരം സർവ്വീസിൽ ഇരിക്കുന്നവരുടെ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ ഡിപ്പാർട്ടുമെൻറു് എത്രയോ വർഷമായിട്ടു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്നവർക്കു കിട്ടുന്ന ലോണോ, മറ്റു ആനുകൂല്യങ്ങളോ ഈഡിപ്പാർട്ടുമെൻറിൽ ജോലിചെയ്യുന്നവർക്കു കിട്ടുന്നില്ല, അതുകൊണ്ടു് ഇതു് ഒരു സ്ഥിരം ഡിപ്പാർട്ടുമെൻറാക്കുന്ന കാര്യം പുനഃപരിശോധനചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു: ഭരണഘടനയനുസരിച്ചു വിധേയമായിട്ടാണു് ഈ വകുപ്പുണ്ടാക്കിയതു്. എത്ര കാലത്തേക്കാണു് ഇതു പ്രയോഗത്തിൽ ഇരിക്കുന്നതെന്നു തീർത്തു പറയാൻ നിവൃത്തിയില്ല. അതുകൊണ്ടു് സ്ഥിരം ഡിപ്പാർട്ടുമെൻറാക്കാൻ നിവൃത്തിയില്ല. ഈ വകുപ്പിൽ ജോലിചെയ്യുന്നവർക്കു് മറ്റു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാർക്കു കിട്ടുന്ന പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളും കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഒ. കോരൻ : മദിരാശിയിൽ ഈ വകുപ്പു് സ്ഥിരം സർവ്വീസാക്കിയിട്ടില്ലേ?

ശ്രീ. കെ. കുഞ്ഞമ്പു : മദിരാശിയിലും മറ്റു് ഒരു സംസ്ഥാനത്തും ഇതു സ്ഥിരം സർവ്വീസാക്കിയിട്ടില്ല.

ശ്രീ. ആർ സുഗതൻ : ഭരണഘടനയനുസരിച്ചു് നിശ്ചിത കാലത്തിനകം ഹരിജനങ്ങളുടെ അവശത നീങ്ങുന്നില്ലെങ്കിലും ഈ വകുപ്പു് ടെമ്പററിയായിട്ടു തുടരാനാണോ നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. കെ. കുഞ്ഞമ്പു : ഭരണഘടനാപരമായ ആ ആനുകൂല്യം എത്ര കാലം നിലനിൽക്കുമെന്നു അറിഞ്ഞുകൂടാ, അതുകൊണ്ടാണു് ഈ വകുപ്പു് സ്ഥിരപ്പെടുത്താൻ നിവൃത്തിയില്ലാത്തതു്.

LIBRARY ARCHIVES Kerala Legislative Assembly